(13) കുമ്പളങ്ങിയിലെ പ്രൈമറി ഹെൽത്തു സെൻററിന്റെ ശോച്യാവസ്ഥ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, എന്റെനിയോജക മണ്ഡലത്തിലെ കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെൻററിന്റെ ശോചനീയാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നത്. അവിടെ ചെല്ലാനം കുമ്പളങ്ങി പഞ്ചായത്തുകളിൽ ആകെ കൂടി ഏക ആരോഗ്യ കേന്ദ്രമാണുള്ളത്. 16 കിടക്കകളാണ് അവിടെയുള്ളത്. ശരാശരി 50 രോഗികളെ അവിടെ കിടത്തി ചികിൽസിക്കപ്പെടേണ്ടിവരുന്നുണ്ട്. അതുകൊണ്ട് കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഒരു കാര്യം. അവിടത്തെ പ്രധാനമായ രോഗങ്ങളും വയറിളക്കവും ആസ്മയുമാണ്. ആസ്മാ രോഗികൾക്ക് ഓക്സിജൻ കൊടുക്കാൻ യാതൊരു സംവിധാനവും അവിടെയില്ല. ഒരു ഓക്സിജൻ സിലിണ്ടർ ഉണ്ടാവുകയും അതിനുള്ള സംവിധാനവും അവിടെ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നൂറുകണക്കിന് രോഗികളും ചികിൽസയ്ക്ക് വരുന്നുണ്ട്, കുട്ടികളെ കുത്തിവയ്പ്പിക്കാൻ വരുന്നുണ്ട്, അവർക്ക് എല്ലാംകൂടി ഒരു നേഴ്സ് മാത്രമാണുള്ളത്. അവിടെ നേഴ്സുമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ളതാണ് മറെറാരു കാര്യം. അവിടെയുള്ള 16 കിടക്കകളും അത് തുടങ്ങിയ കാലത്ത് ഉള്ളതാണ്. അതിന്റെ അഴികളും എല്ലാം വിട്ടുപോയിരിക്കുന്നു. ആ കിടക്കകളിൽ ആർക്കും കിടക്കാൻ വയ്യ. താഴെയാണ് രോഗികളും കിടക്കുന്നത്. അതുകൊണ്ട് പുതിയ കിടക്കകളും നൽകണമെന്നതാണ് മറെറാരാവശ്യം. അവിടെ ഒരു കക്കൂസുണ്ട്. അത് കൂടെക്കൂടെ പൊട്ടി പി.ഡബ്ലിയു.ഡി. റോഡിലേക്ക് ഒഴുകുന്നു. കൊല്ലത്തിൽ മൂന്നും നാലും പ്രാവശ്യം അത് പൊട്ടിയൊഴുകുകയാണ്. അതുകൊണ്ട് സൗകര്യങ്ങളുള്ള പുതിയ കക്കൂസുകളും ഉണ്ടാകണം. അതുപോലെ അവിടെ ഒരു കിച്ചൻ ഉണ്ടായിരുന്നത് ഇടിഞ്ഞു വീണിട്ട് രണ്ടുകൊല്ലമായി. ഓല ഷെഡ്ഡിലാണ് ഇപ്പോൾ കിച്ചൻ നടത്തുന്നത്. അതിന് ഒരു പുതിയ കിച്ചൻ ഉണ്ടാകണം എന്നുള്ളതാണ് ഒരു കാര്യം. അവിടെ അഡ്മിനിസ്ട്രേറീവ് ബ്ലോക്കും, ആശുപത്രിയുടെ കെട്ടിടവും പണ്ട് തുടങ്ങിയ കാലത്ത് അവിടത്തെ പഞ്ചായത്ത് സൗജന്യമായി കൊടുത്തതാണ്. അത് ഏത് നിമിഷവും ഇടിഞ്ഞു വീഴാമെന്ന സ്ഥിതിയിലാണ്. അതുകൊണ്ട് അടിയന്തിരമായിട്ട് കെട്ടിടം പുതുക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു കോംപൗണ്ട് വാൾ ഉണ്ടാക്കാൻ നാല് കൊല്ലമായി എസ്റിമേറ്റ്സ് അയച്ച് അനുവാദം ചോദിച്ചിട്ടുണ്ട്. അത് കൊടുത്തിട്ടില്ല. പശുക്കളും മറും ഒന്നിച്ച് അവിടെ കയറിക്കിടക്കുകയാണ്. ഈ കാര്യത്തിൽ അടിയന്തിരമായി നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഏതാനും കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് ഇതിനകം നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കക്കൂസ് വൃത്തിയാക്കുന്നതും, മതിൽ കെട്ടുന്ന കാര്യത്തെസംബന്ധിച്ചും അതിന്റെ എസ്റിമേറ്റ്സ് തയ്യാറാക്കി അഡ്മിനിസ്ട്രേറീവ് സാംഗ്ഷൻ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ കിച്ചന്റെ കാര്യത്തെ സംബന്ധിച്ച് പി.ഡബ്ലിയു.ഡി. യോട് അതിന്റെ എസ്റിമേറ്റ്സ് ആവശ്യപ്പെട്ടിരിക്കുകയാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അതിനെസംബന്ധിച്ച് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡി.എം.ഒ. യുമായിട്ട് Contact ചെയ്തിട്ടുണ്ട്. അവസാനമായി റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly